LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓങ്കോളജി യൂണിറ്റ്

92 (3524) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ മെഡിക്കൽ ഓങ്കോളജി യൂണിറ്റ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ രോഗികളുടെ സൗകര്യാർത്ഥം ഇവിടെ മെഡിക്കൽ ആന്റ് ഹെമറ്റോളജി ഡിപ്പാർട്ടുമെന്റ് കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽവരുന്ന കാൻസർ രോഗികളെ ഹെമറ്റോ ഓങ്കോളജി ഒ.പി.-യിൽ ചികിൽസിക്കുന്നുണ്ട്.

(ബി) മെഡിക്കൽ ആന്റ് ഹെമറ്റോളജി ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതിനായി ടെർഷ്യറി കാൻസർ കെയർ ഇൻസ്റ്റിറ്റ്യൂട്ടും റേഡിയോ തെറാപ്പി യൂണിറ്റും ഏകോപിപ്പിച്ചുകൊണ്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

കൊട്ടാരക്കര താലൂക്ക് ആശുപത്രി

93 (3525) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ആരോഗ്യവകുപ്പിന്റെ അധീനതയിൽ പ്രവർത്തനക്ഷമമായ എത്ര ആംബുലൻസുകൾ ഉണ്ട് ;

(ബി) പ്രസ്തുത ആശുപത്രിയിലെ അപകടത്തിൽപ്പെട്ട ആംബുലൻസിന്റെ തകരാർ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) അപകടത്തിൽപ്പെട്ട ആംബുലൻസിനുപകരം ആംബുലൻസ് ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലാത്തപക്ഷം ആയതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രവർത്തനക്ഷമമായ ആംബുലൻസുകൾ ഇല്ല.

(ബി) അപകടത്തിൽപ്പെട്ട ആംബുലൻസ്, കേസ് സംബന്ധമായി പോലീസ് കസ്റ്റഡിയിലാണ്.

(സി) പകരം ആംബുലൻസ് ലഭ്യമാക്കിയിട്ടില്ല. പുതിയ ആംബുലൻസ് ബഹു. കെ. എൻ. ബാലഗോപാൽ എം.പി.-യുടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.